# ഭൂതോദയം

സാബു ഹരിഹരൻ

ഉരുട്ടിയെടുത്ത ചോറുരുള കുഞ്ഞുചുണ്ടുകളോട് ചേർത്തു വെച്ചു കൊണ്ട് അമ്മ പറഞ്ഞു,
‘മോൻ വേഗം കഴിച്ചോ, അല്ലേൽ ഭൂതം വന്നു പിടിക്കും’
പുറത്തെ ഇരുട്ടിലേക്ക് കണ്ണു മിഴിച്ച് കുഞ്ഞ് അറിയാതെ വായ് തുറന്നു. പപ്പടത്തിന്റേയും ചീരയിലകളുടെയും തുണ്ടുകൾ ഒളിപ്പിച്ച ഒരു കൊച്ചുരുള കുഞ്ഞു വായ്ക്കകത്തേക്ക് പോയി.
കുളിക്കാൻ മടിക്കാണിക്കുമ്പോൾ, രാത്രി പാല് കുടിക്കാതിരിക്കുമ്പോൾ, പിൻഭാഗത്തുള്ള കുറ്റിച്ചെടികൾക്കിടയിലേക്ക് നടക്കുമ്പോൾ.. അപ്പോഴൊക്കെ ഭൂതത്തിന്റെ പേര് പറഞ്ഞ് അമ്മ പേടിപ്പിച്ചു കൊണ്ടേയിരുന്നു. അപ്പോഴൊക്കെയും കുഞ്ഞ് പറയുംപടി അനുസരിച്ചു കൊണ്ടേയിരുന്നു. അല്ലെങ്കിൽ ഭൂതം വന്നു പിടിക്കില്ലെ?.
ഭൂതത്തിനെ കുറിച്ച് അവന് ചില കാര്യങ്ങളൊക്കെ അറിയാം. പലപ്പോഴായി കേട്ടതൊക്കെ കൂട്ടി വെച്ച് അവൻ ഭൂതത്തിനു ഒരു രൂപമുണ്ടാക്കിയിട്ടുണ്ട്.
പനയോളം പൊക്കവും, കൂർത്ത നഖങ്ങളുള്ള കൈയ്യും, ചുവന്ന കണ്ണുകളും, വലിയ ശബ്ദവും..ഓർത്താൽ തന്നെ പേടിയാവും. എന്നിട്ടെന്താ ഈ ഭൂതം ചെയ്യുക?.
ഭൂതം പിള്ളേരെ പിടിച്ചു വിഴുങ്ങി കളയും!
ഭൂതം വലിയ ആളുകളെ വിഴുങ്ങില്ല. വലിയ ആളുകളെ ഭൂതത്തിനു പേടിയാണ്. അവരുടെ മുന്നിൽ ഭൂതം വരിക പോലുമില്ല.
തനിക്കും എത്രേം പെട്ടെന്ന് വലുതാവണം. പെട്ടെന്ന് വളരണം. അവൻ കാവിലെ ഭഗവതിയേയും, ഓടക്കുഴലുമായി നിന്ന കണ്ണനേം ഒക്കെ ഓർത്ത് പ്രാർത്ഥിച്ചു.
‘വലുതാവണേൽ നന്നായി കഴിക്കണം’
പക്ഷെ കുഞ്ഞു വയറായത് കൊണ്ട് അധികം കഴിക്കാൻ പറ്റുന്നില്ല.
‘വേഗം കഴിച്ചൊ, അല്ലെൽ ഭൂതം വന്നു നിന്നെ പിടിച്ചോണ്ട് പോവും. വേഗം കഴിക്ക്’ അമ്മ പേടിപ്പിക്കും.
രാത്രി ഉറങ്ങാതെ കിടക്കുമ്പോഴും അമ്മ പറഞ്ഞു,
‘വേഗം ഉറങ്ങിക്കൊ, അല്ലേൽ ഭൂതം വന്നു പിടിച്ചോണ്ട് പോവും. വേഗം ഉറങ്ങ്’
കുട്ടി വേഗം കണ്ണടച്ച് കിടങ്ങുറങ്ങും.
ഒരു ദിവസം, പറമ്പിൽ കൂടി നടക്കുവായിരുന്നു അവൻ. വാറുള്ള നിക്കറാണവൻ ഇട്ടിരുന്നത്. അതാണവനു ഇഷ്ടം.
ആദ്യം മാവിനു കല്ലെടുത്തെറിഞ്ഞു, പിന്നെ കവുങ്ങിൽ നിന്ന് വീണ പട്ട പിടിച്ചു വലിച്ചു, കോഴിയെ പേടിപ്പിക്കാൻ കുറച്ചു നേരം അതിന്റെ പിന്നാലെ പാഞ്ഞു, പിന്നെ മണ്ണിര കുത്തിയിട്ട കുഴിയിൽ ഈർക്കിലി കുത്തി നോക്കി. അപ്പോഴാണ് മണിശബ്ദം കേട്ടത്. തിരിച്ചു നോക്കുമ്പോൾ നരച്ച താടിയുമൊക്കെയായിട്ട്, കൂനി പിടിച്ച് നില്ക്കുന്ന ഒരപ്പൂപ്പനെ കണ്ടു. അപ്പൂപ്പൻ അവനെ നോക്കി നല്ലോണം ചിരിക്കുന്നുണ്ട്. അപ്പോഴവനും അപ്പൂപ്പനെ നോക്കി ചിരിച്ചു.
‘ഇന്നു രാവിലെ എന്താ കഴിച്ചത്?’
‘പുട്ടും പഴോം’ അവൻ അതു പറഞ്ഞ് വീണ്ടും തിരിഞ്ഞ് മണ്ണിരക്കുഴിയിൽ ഈർക്കിയിട്ടിളക്കി. മണ്ണിരയെ കിട്ടിയില്ല. അവൻ ഈർക്കിലി വലിച്ചെറിഞ്ഞു. അവനെഴുന്നേറ്റ് നിന്ന് അയാളെ വീണ്ടും നോക്കി. അപ്പോൾ അയാൾ വീണ്ടും കൈയ്യിലിരുന്ന ചെറിയ മണി കിലുക്കി. ആ ശബ്ദം അവനിഷ്ടമായി. അമ്പലത്തിൽ അതു പോലുള്ള മണികൾ ഒരുപാടുണ്ട്. പക്ഷെ കൈയ്യെത്തില്ല അതിലൊന്ന് തൊടാൻ. വലുതാവാൻ പ്രാർത്ഥിക്കുന്നുണ്ട്. വലുതാവുമ്പോൾ തനിക്കും മണിയടിക്കാം.
‘എന്താ നീ ചെയ്യണത്?’
‘ഒന്നൂല്ല’ അതു പറഞ്ഞ് അവൻ മണ്ണിൽ കിടന്ന മച്ചിങ്ങയെടുത്ത് കണ്ടത്തിലേക്കെറിഞ്ഞു.
അപ്പോൾ പിന്നിൽ വീണ്ടും മണിശബ്ദം മുഴങ്ങി. അവൻ നോക്കിയപ്പോൾ അയാൾ കൈയ്യിലിരുന്ന ചെറിയ മണി ഒന്നു കൂടി കിലുക്കി.
‘നിനക്കിതു വേണോ?’
അവൻ അയാളെ തന്നെ നോക്കി നിന്നു. പിന്നീട് അടുത്ത് ചെന്നു ആ മണിയിൽ തൊട്ടു. പിന്നീടതയാളുടെ കൈയ്യിൽ നിന്നും വാങ്ങി കിലുക്കി നോക്കി. അവനതിഷ്ടപ്പെട്ടു.
‘ഞാനെടുത്തോട്ടെ?’
‘എടുത്തോ, പക്ഷെ ഞാനൊരു ചോദ്യം ചോദിക്കും. അതിനുത്തരം പറയണം? പറയ്യൊ?’
‘ഉം’ അവൻ മണിയിൽ നിന്ന് കണ്ണെടുക്കാതെ അലസമായി മൂളി.
‘കുഞ്ഞിനു ഭൂതത്തിനെ പേടിയാണോ?’

'ഉം..'
'കുഞ്ഞെ, നീ ഭൂതത്തിനെ കണ്ടിട്ടുണ്ടോ?'
'ങൂം ങൂം' അവൻ നിഷേധാർത്ഥത്തിൽ തലയാട്ടി.
'കുഞ്ഞെ, നിനക്കെന്നെ പേടിയാണോ?'
അവൻ കുറച്ച് നേരം അയാളെ സൂക്ഷിച്ചു നോക്കിയിട്ടു, പതിയെ ആ നീണ്ട താടിയിൽ തൊട്ടു നോക്കി. എന്നിട്ട് 'ഇല്ല' എന്ന മട്ടിൽ തലയാട്ടി.
അയാൾ ചിരിക്കാൻ തുടങ്ങി. പനയോളമുയർന്നു പോകുന്ന ഒരു ചിരി. അയാളുടെ ചിരി കണ്ട് അവൻ ചിരിക്കാൻ തുടങ്ങി.
'നിനക്ക് ഈ മണി വേണോ?'
അപ്പോഴവൻ അയാളെ നോക്കി ചിരിച്ചു. പിന്നീട്ട് മണി രണ്ടു വട്ടം കിലുക്കി.
'എന്നാലെടുത്തോ!'
അവൻ പിന്നേം മണി കിലുക്കി. അയാൾ പിന്നോക്കം രണ്ടടി മാറി നിന്നവനെ നോക്കിക്കൊണ്ട് ചോദിച്ചു,
'ഇതാര് തന്നെന്ന് പറയും?'
അപ്പോഴാണവൻ അതേക്കുറിച്ച് ഓർത്തത് തന്നെ. ശരിയാണല്ലോ?.
'പേരെന്താ?'
ഒരു കിളിത്തൂവൽ താഴെ വീഴുമ്പോൾ കേൾക്കാവുന്നത്ര ശബ്ദത്തിലയാൾ പറഞ്ഞു,
'ഭൂതം'
അവനത് കേട്ടില്ല. കേൾക്കാൻ അയാളുടെ അടുത്തേക്ക് നീങ്ങി. അയാൾ പതിയെ അവന്റെ ചെവിയിൽ മുഖം ചേർത്തു ഒരു രഹസ്യമോതും പോലെ പറഞ്ഞു, 'ഭൂതം'
'ഹഹഹാ' അവൻ ചിരിക്കാൻ തുടങ്ങി..നിർത്താതെ. അപ്പോൾ അയാളും ചിരിക്കാൻ തുടങ്ങി.
'ഭൂതം ഇങ്ങനെയല്ലല്ലോ!' അതും പറഞ്ഞ് അവൻ അയാളുടെ കണ്ണിൽ സൂക്ഷിച്ചു നോക്കി, പിന്നീട് കൈവിരലുകളിലും. അവനു ഭൂതത്തിന്റെ രൂപം നല്ല നിശ്ചയമാണ്. അതിങ്ങനെയല്ലെയല്ല.
'അല്ല കുഞ്ഞെ..ഞാനാണ് ഭൂതം..ഞാൻ തന്നെയാണ് ഭൂതം..ഞാൻ മാത്രമാണ് ഭൂതം' അയാൾ ചെറിയ ചിരിയോടെ പറഞ്ഞു.
'ശരിക്കും?' അവൻ കണ്ണ് മിഴിച്ചു നോക്കി അയാളെ തന്നെ നോക്കി നിന്നു. ഒരു കാറ്റ് വന്ന്, തോളറ്റം വരെ നീണ്ടു കിടന്ന അയാളുടെ മുടി ഉയർത്തി എങ്ങോ പോയി.
അവൻ അയാളെ തന്നെ നോക്കിയിട്ട് ചോദിച്ചു,
'എനിക്കൊരു മണ്ണിരയെ പിടിച്ചു തരുവോ?'
'പിന്നെന്താ, എത്ര മണ്ണിരയെ വേണം?, ഇത്ര ചെറുത് മതിയോ?' എന്നു പറഞ്ഞയാൾ കൈ വിടർത്തി. അവൻ വാ പൊളിച്ചു പോയി. അയാളുടെ ഉള്ളം കൈയ്യിൽ അതാ ഒരു കുഞ്ഞു മണ്ണിര!
അവനതിനെ ചൂണ്ടുവിരലും തള്ളവിരലും കൂടിപ്പിടിച്ചുയർത്തി. അതു കിടന്നു പുളഞ്ഞു. അതിന്റെ വഴുവഴുപ്പ് അപ്പോഴവന് അവനനുഭവപ്പെട്ടു. അവനതിനെ മണ്ണിലേക്കിട്ടു. അതവിടെ കിടന്നിഴയാനൊരു ശ്രമം നടത്തി. അതിന്റെ ചലനങ്ങൾ നോക്കിക്കൊണ്ടവൻ ചോദിച്ചു,
'ഇതിന്റെ കണ്ണെവിടെ?'
'ഇതിനു കണ്ണില്ല കുഞ്ഞെ..അതല്ലെ ഇതിനെ എല്ലാരും പിടിച്ച് ചൂണ്ടയിലിടുന്നത്..'
'എന്തിനാ ചൂണ്ടയിലിടുന്നത്?'
'വലിയ മീനെ പിടിക്കാൻ'
'എന്തിനാ വലിയ മീനെ പിടിക്കുന്നത്?'
അതിനു ഭൂതത്തിനു മറുപടി പറയണമെന്നുണ്ടായിരുന്നു. അവനെ തന്നെ നോക്കി നിന്ന് അവന്റെ തലയിൽ തലോടിയതേയുള്ളൂ അയാൾ.
'നീ വാ, ഒരു സൂത്രം കാണിച്ചു തരാം'
അവൻ മണി കിലുക്കി കൊണ്ട് അയാളുടെ പിന്നാലെ നടന്നു.

അന്നു സന്ധ്യാജപം കഴിഞ്ഞ് അവൻ മുറിയിൽ ചെന്ന് പിന്നേം മണി പുറത്തെടുത്തു. അതു വരെ അതു കട്ടിലിനടിയിലിയായിരുന്നു കിടന്നത്. അവനത് പതിയെ കിലുക്കാൻ തുടങ്ങി. ഉയർത്തി പിടിച്ച് മണിയുടെ നാവിന്റെ ചലനം അവൻ നിരീക്ഷിച്ചു കൊണ്ടിരുന്നു.
'നിനക്കിതെവിടുന്നാ കിട്ടിയത്?'
തിരിയുമ്പോൾ അമ്മ അവന്റെ കൈയ്യിലിരുന്ന മണിയും നോക്കി നില്ക്കുന്നതവൻ കണ്ടു.
'ഇതു ഭൂതം തന്നതാ'
'ഭൂതോ?!..ഏതു ഭൂതം?'
'അമ്മ പറയാറില്ലെ..ആ ഭൂതം..പക്ഷെ ഭൂതത്തിന്റെ കണ്ണ് ചോന്നിട്ടൊന്നുമല്ല..നഖോമില്ല'
'നീ ഇതെന്തൊന്നൊക്കെയാ പറയുന്നത്?'

അവനൊന്നും പറയാതെ വീണ്ടും മണിനാദത്തിൽ ശ്രദ്ധിച്ചു.
'എടാ, നിന്നോടാ ചോദിച്ചത്..ആരാടാ നിനക്കീ മണി തന്നത്?'
'ഞാൻ പറഞ്ഞില്ലെ..ഭൂതം'
'അവന്റെ ഒരു ഭൂതം..ഇങ്ങു താടാ ആ മണി' അതു പറഞ്ഞവർ മണി അവന്റെ കൈയ്യിൽ നിന്നും പിടിച്ചു വാങ്ങി.
'എന്റെ മണി താ..' അതു പറഞ്ഞവൻ കരയാൻ തുടങ്ങി. അവർ മുറിവിട്ട് പുറത്ത് പോയപ്പോൾ അവനും പിറകെ കരഞ്ഞു കൊണ്ടു ചെന്നു..
'ഇനി നീ സത്യം പറ..ആരാ ഈ മണി തന്നത്'
'ഭൂതം..രാവിലെ..പറമ്പില് വെച്ച്..എനിക്ക് ഓലക്കാല് കൊണ്ട് പന്തുണ്ടാക്കണതും കാണിച്ചു തന്നു'
'ഈശ്വരാ! നിങ്ങളിതു കേൾക്കുന്നുണ്ടോ?..ആരാണ്ടും നമ്മുടെ പറമ്പിൽ കയറി നടക്കുന്നെന്ന്..ഞാനന്നെ പറഞ്ഞതാ തെക്കുവശത്ത് വേലി കെട്ടണമെന്ന്..'
ഇപ്പോൾ ചോദ്യംചെയ്യൽ അച്ഛന്റെ ഉത്തരവാദിത്തമായിരിക്കുന്നു.
'എന്റെ മോൻ സത്യം പറ..അച്ഛനല്ലെ ചോദിക്കുന്നത്..നിനക്കിതാരാ തന്നത്?'
'ഭൂതം..'
ശരിയാണ്.. ഇവന്റെ അമ്മ പറഞ്ഞത് ശരിയാണ്. ആരാണ്ടും പറമ്പിൽ കയറുന്നുണ്ട്..
'നിന്നോട് പറഞ്ഞിട്ടില്ലെ..അറിഞ്ഞൂടാത്തവരോടൊന്നും സംസാരിക്കരുതെന്ന്? അയാള് നിന്നോട് വേറെ എന്തൊക്കെ പറഞ്ഞു?'
'ഉം...മണ്ണിരേ കാട്ടി തന്നു..പീപ്പി വായിച്ചു തന്നു..ഓലക്കാല് കൊണ്ട് പന്തുണ്ടാക്കി തന്നു..' അവൻ പിന്നെന്തൊ വിട്ടു പോയല്ലോ എന്ന മട്ടിൽ ആലോചിച്ചു നിന്നു.
'അയാളെ കണ്ടാലെങ്ങനെ ഇരിക്കും?'
'നരച്ച മുടിയൊക്കെയായിട്ട്..കുനിഞ്ഞ്..ഭൂതത്തിനു വയ്യ..'
'എന്നിട്ട് ഭൂതം എങ്ങോട്ട് പോയി?'
'ഭൂതം പറന്നു പോയി..'
'പറന്നോ?..എങ്ങോട്ട് പറന്നു പോയെന്ന്?'
'മേലോട്ട്....മേലോട്ട്..പോയി..'
'എടാ സത്യം പറ..ഭൂതം എങ്ങോട്ട് പോയി?'
'മേലോട്ട്..' അതു പറഞ്ഞവൻ അമ്മയുടെ കൈയ്യിൽ നിന്നും മണി വാങ്ങാൻ ശ്രമിച്ചു. അമ്മ അവനെ തന്നെ സൂക്ഷിച്ചു നോക്കി നില്ക്കുകയായിരുന്നു.
'ഈശ്വരാ..ഇവനെന്തുപറ്റി? ഇനി ആരേലേം കൊണ്ടു കാണിക്കണോ?'
'നീ ഒന്നു ചുമ്മാതിരി..വെറുതെ പേടിക്കാതെ..ഞാനോന്ന് ചോദിക്കട്ടെ..'
'എടാ..നീ കണ്ടത് ഭൂതോന്നുമല്ല..അങ്ങനെ ഒരു ഭൂതം ഇല്ല..'
'പിന്നെ അമ്മ പറഞ്ഞതോ?'
'അതു നിന്നെ ചുമ്മാ പേടിപ്പിക്കാൻ പറഞ്ഞതല്ലെ?'
'അല്ല..ശരിക്കും ഭൂതോണ്ട്..ഞാൻ കണ്ടതാ'
'നിന്നെ വേണം പറയാൻ..ഒരോ ഇല്ലാത്ത കഥയൊക്കെ കുട്ടിക്ക് പറഞ്ഞു കൊടുത്തിട്ട്..' അച്ഛൻ അമ്മേ നോക്കി അരിശപ്പെട്ടു.
'ഞാൻ എന്നാ പറഞ്ഞെന്നാ?..ഇതൊക്കെ എല്ലാരും പറയണതല്ലെ?' അമ്മ പ്രതിരോധിച്ചു.
'..നാളെ നിന്റെ ഭൂതം വരുവോ?..ഒന്നു കാണണമല്ലോ..'
'വരുവായിരിക്കും..'
'നീ ആ മണി അവനു കൊടുത്തെ..അതു വെറുമൊരു മണിയല്ലെ?..നമുക്കു നോക്കാം..' അമ്മയുടെ നേർക്ക് തലതിരിച്ച് അച്ഛൻ പറഞ്ഞു.

പിറ്റേ ദിവസം രാവിലെ തന്നെ കുടുംബനാഥൻ തെക്കു ഭാഗത്തെ വേലി കെട്ടി വെച്ചു. 'ഇനി ആരേലും കയറോന്ന് നോക്കട്ടെ' എന്ന് സ്വയം വെല്ലുവിളിച്ചു കൊണ്ട് നടന്നു.
വൈകുന്നേരം കുട്ടിയുടെ കഴുത്തിൽ ഒരു മുത്തുമാല കണ്ടു അമ്മ വീണ്ടും ചോദ്യചെയ്യൽ തുടങ്ങി.
'ഇതാരാടാ തന്നത്?'
കുട്ടി വളരെ സന്തോഷത്തോടെ മുത്തുകളെ താലോലിച്ചു കൊണ്ടു പറഞ്ഞു,
'ഭൂതം..'
'അവന്റെയൊരു ഭൂതം..അതെങ്ങനെയാ നീ മാത്രം ഈ ഭൂതത്തിനെ കാണുന്നത്?. ഇത്ര വയസ്സായിട്ടും ഞാനിതു വരെ ഒരു ഭൂതത്തിനേം കണ്ടിട്ടില്ലല്ലോ..'
'അമ്മയല്ലെ ഭൂതോണ്ടന്ന് പറഞ്ഞത്..'
അച്ഛനും ചോദ്യംചെയ്യലിൽ പങ്കുചേർന്നു. 'നിന്നോടല്ലെ പറഞ്ഞത് ഭൂതം ഇല്ലെന്ന്?'

'ഭൂതോണ്ട്. ഞാൻ കണ്ടതാ. ഭൂതം എനിക്ക് ഈ മാലേം തന്നു'. അവൻ പറഞ്ഞതിൽ തന്നെ ഉറച്ചു നിന്നു. അമ്മയും അച്ഛനും ആശയക്കുഴപ്പത്തിലായി. ഒന്നുകിൽ ആരോ അവരറിയാതെ പറമ്പിനുള്ളിൽ കടന്ന് കുട്ടിക്ക് ഇതൊക്കെ കൊടുക്കുന്നുണ്ട്. അല്ലെങ്കിൽ ഇവൻ നുണ പറയുകയാണ്. ഇവൻ പറയുന്നത് വെച്ചു നോക്കുമ്പോൾ, വയസ്സായ ഒരാളാണ് ഇതൊക്കെ ചെയ്യുന്നത്. അങ്ങനെ ഉള്ള ഒരാൾക്ക് വേലിയും ചാടി കടന്ന് വരാനാവില്ല..അതും പട്ടാപകലിൽ. അപ്പോൾ ഒരു സാധ്യതയേയുള്ളൂ...ഇവൻ..ഇവൻ നുണയാണ്. വെറും നുണയനല്ല, പെരുംനുണയൻ.
നയം മാറ്റണം. അടവു മാറ്റണം.
'എന്റെ മോൻ പറ..മോനെ സത്യം മാത്രമേ പറയാവൂ എന്ന് പറഞ്ഞിട്ടിലെ? ഇല്ലേൽ നിന്നെ ഭൂതം..' അമ്മ നാവു കടിച്ചു. ഇനി ഇവനെ എന്തു പറഞ്ഞാണ് പേടിപ്പിക്കുക?. ഇപ്പോഴിവനു ഭൂതം എന്നു പറഞ്ഞാൽ ഒരു പേടിയുമില്ല. മാത്രവുമല്ല, ഭൂതം ഇവന്റെ ചങ്ങാതിയുമാണ്. ഭൂതം ഇവനു മണി കൊടുക്കുന്നു, പീപ്പി വായിച്ചു കേൾപ്പിക്കുന്നു, മുത്തുമാല കൊടുക്കുന്നു..ഇനി ശരിക്കും..
അമ്മ പാതി തോൽവി സമ്മതിച്ച മട്ടായി. അച്ഛനു പിന്തിരിയാൽ ഭാവമില്ലായിരുന്നു. അല്ലേലും അയാൾക്ക് ഒരു കാര്യത്തിനു തുനിഞ്ഞിറങ്ങിയാൽ അതും കൊണ്ടു വരണമെന്ന് വാശിയാണ്.
ചോദ്യം ചെയ്യൽ തുടർന്നു. കുറച്ചു കഴിഞ്ഞപ്പോൾ അച്ഛന്റെ കൈയ്യിൽ ഒരു വടി വന്നു. മുറ്റത്തെ പേരമരത്തിൽ നിന്നും ഒടിച്ചെടുത്തൊരു ചെറിയ കമ്പ്. ഇത്ര നാളും 'അടിക്കും' 'ശരിപ്പെടുത്തും' എന്നൊക്കെ പറഞ്ഞ് പേടിപ്പിച്ചിരുന്നതേയുള്ളൂ. ഈ പ്രാവശ്യം അതു പ്രയോഗിക്കേണ്ടി വരും.
അച്ഛൻ വീണ്ടും ചോദ്യം ചെയ്യൽ തുടർന്നു. കുട്ടി പറഞ്ഞത് തന്നെ പറഞ്ഞു കൊണ്ടിരുന്നു. അവനു വേറേ എന്താ പറയേണ്ടതെന്നറിയില്ല. അവൻ കണ്ടതാണ് പറഞ്ഞത്. അവൻ കേട്ടതാണ് പറഞ്ഞത്. അവനു കിട്ടിയതാണ് അവൻ കാണിച്ചു കൊടുത്തത്. ചോദിക്കുന്നവർ വേറേ എന്തോ കേൾക്കാനാഗ്രഹിക്കുന്നു എന്ന കാര്യം അവനറിയില്ല. അറിയാത്ത കാര്യം പറയാനും അവനറിയില്ല. അവസാനം അടി വീണു. അവന്റെ കുഞ്ഞു തുടയിൽ നേർത്ത ചുവപ്പു നിറം തെളിഞ്ഞു. അവന്റെ കണ്ണു നിറഞ്ഞു. അവൻ നിർത്താതെ കരയാൻ തുടങ്ങി.
'കരയരുതെന്ന് പറഞ്ഞില്ലെ?..ശബ്ദം പുറത്ത് കേൾക്കരുത്'
ശബ്ദം പുറത്ത് വരാതെ എങ്ങനെ കരയണമെന്നവനറിയില്ല. മേല് നോവുമ്പോൾ കരയാതിരിക്കണതെങ്ങനെയെന്നും അവനറിയില്ല. അവൻ ഏങ്ങിയേങ്ങി കരഞ്ഞു. കരഞ്ഞു തളർന്നു. ചോദ്യം ചെയ്തവർ അവനെ വിട്ടു പോയി. അവർ അവന്റെ മണിയെടുത്ത് ജനലിലൂടെ പുറത്തേക്കെറിഞ്ഞു. 'അവന്റെ ഒരു മണി..അവന്റെ ഒരു ഭൂതം..' അങ്ങനെ പറഞ്ഞാണവർ പുറത്തെ ഇരുട്ടിലേക്ക് മണി എറിഞ്ഞത്. അതു മണ്ണിലോ, കല്ലിലോ വീണ് ഒന്നു രണ്ടു വട്ടം ശബ്ദിക്കുന്നതവൻ കേട്ടു.
പുറത്ത് ജാമ്പയുടെ ഇലകൾ വീണു കിടന്നിടത്ത് മണി ഇരുട്ടിൽ കിടന്നു. അകത്ത് കട്ടിലിൽ ഏങ്ങിയേങ്ങി കരഞ്ഞു കൊണ്ട് അവനും.

പിറ്റേ ദിവസം അവൻ വൈകിയാണെഴുന്നേറ്റത്. അവൻ തുടയിലെ പാടുകൾ നോക്കി. ചെറുതായി മാഞ്ഞിട്ടുണ്ട്. എങ്കിലും സൂക്ഷിച്ചു നോക്കിയാൽ കാണാം. അവൻ ജനലിന്റെ അടുത്ത് ചെന്ന് നോക്കി. കണ്ണുകൾ കൊണ്ട് മണി തിരഞ്ഞു. മരങ്ങൾ പൊഴിച്ചിട്ട കരയിലകളും ചെടികൾ പൊഴിച്ചിട്ട വാടിയ ചില പൂവുകളും മാത്രം. എവിടെ മണി?. അവൻ പുറത്തേക്ക് നടന്നു.
'മൊഖോം വായുമൊക്കെ കഴുകി വന്ന് പാലെടുത്ത് കുടിച്ചെ' അമ്മയുടെ ശബ്ദം അവന്റെ പിന്നാലെ വന്നു. ഇന്നലെ നടന്നതൊന്നും അറിയാത്ത ഭാവത്തിലാണ് ആ ശബ്ദം.
അവനു നന്നായി ദാഹിക്കുന്നുണ്ടായിരുന്നു. അവൻ പറഞ്ഞതു പോലെ അനുസരിച്ചു. ഇനി വീണ്ടും അടിച്ചാലോ?
അവൻ ചരൽ വിരിച്ച മുറ്റത്തൂടെ നടന്നു. കാലു കൊണ്ട് ഇലകൾ ഇളക്കി നോക്കി. എവിടെ മണി?. മണി അവിടൊന്നും ഉണ്ടായിരുന്നില്ല.

ഉച്ച കഴിഞ്ഞ് അവൻ വീണ്ടും തൊടിയിലൂടെ നടന്നു. തനിക്കൊരു കൂടപ്പിറപ്പുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അപ്പുറത്തെ സുമതിക്കൊരു അനിയനുണ്ട്. ഇപ്പൊ കുഞ്ഞുവാവയാണ്. വാവ വലുതാവുമ്പോൾ അവൾക്കൊപ്പം കളിക്കും. തന്നേം കൂട്ടാന്നു പറഞ്ഞിട്ടുണ്ട്. അവൾക്കിപ്പോ പനിയാണ്. പനി മാറാൻ അവനും പ്രാർത്ഥിക്കുന്നുണ്ട്. അവൻ മണ്ണിരകളെ തിരഞ്ഞു. ഒന്നിനെ പോലും കാണുന്നില്ല. ഒന്നു രണ്ട് ഓന്തുകൾ മരത്തിൽ കയറി പോകുന്നത് കണ്ടു. മച്ചിങ്ങ പൊളിച്ച് കളഞ്ഞു. പിന്നെ അത് കല്ലിലുരച്ചു നോക്കി. പിന്നീടതും ദൂരേക്കെറിഞ്ഞു. അവൻ കണ്ണിമാങ്ങ പിടിച്ചു നില്ക്കുന്ന മാവിന്റെ അടുത്ത് നിന്ന് കണ്ടത്തിലേക്ക് നോക്കി നിന്നു. അപ്പോഴവനു തോന്നി ഒരു ചെറിയ മണി ശബ്ദം കേട്ടെന്ന്. തിരിഞ്ഞു നോക്കിയപ്പോൾ കണ്ടു, കൂനി പിടിച്ച് നില്ക്കുന്നു, ഭൂതം. കൈയ്യിൽ തലേന്ന് ഇരുട്ടിലേക്ക് പാഞ്ഞു പോയ മണിയുമുണ്ട്.
'കുഞ്ഞെ, നീ ഇതാണൊ നോക്കുന്നത്?'

‘ഹാ..ഭൂതം..’ അതു പറഞ്ഞ് അവൻ ഭൂതത്തിന്റെ നേർക്ക് നടന്നു. ഭൂതം മണി അവനു കൊടുത്തു.
‘ഇന്നലെ കുഞ്ഞിന്റെ അച്ഛനും അമ്മയും കുഞ്ഞിനെ അടിച്ചോ?’
‘ങെ..ഭൂതമെങ്ങനെ അതറിഞ്ഞു?’
‘കുഞ്ഞിനു നൊന്തോ?’
‘ങും..’ അവന്റെ മുഖം പെട്ടെന്ന് വാടി. അവൻ കാലിലെ പാടുകൾ കാണിച്ചു കൊടുത്തു.
‘കുഞ്ഞ് പറഞ്ഞതൊന്നും അവർ വിശ്വസിച്ചില്ല അല്ലെ?’
‘ങും..എന്റെ കൂടെ വരാമോ?..എനിക്ക് ഭൂതത്തിനെ അച്ഛനേം അമ്മേം കാണിച്ചു കൊടുക്കണം..അപ്പൊ അവർ വിശ്വസിക്കും’
ഭൂതം അല്പനേരം അവനെ തന്നെ സൂക്ഷിച്ചു നോക്കിയിരുന്നിട്ടു പറഞ്ഞു,
‘ഇല്ല കുഞ്ഞെ..വന്നാലും അവർക്ക് കാണാൻ പറ്റില്ല..കുഞ്ഞിനു മാത്രമേ എന്നെ കാണാൻ പറ്റൂ. വലിയ ആളുകൾക്ക് എന്നെ കാണാൻ പറ്റില്ല..’
അവൻ ഭൂതത്തിനെ തന്നെ കുറച്ച് നേരം നോക്കി നിന്നു.
‘എന്നാ ഞാനിനി ഒന്നും കഴിക്കത്തില്ല’
‘കുഞ്ഞു കഴിക്കണം..എന്നാലെ വലുതാവാൻ പറ്റൂ?’
‘അമ്മ എപ്പഴും പറയും, നന്നായി കഴിച്ചാലെ വലുതാവാൻ പറ്റൂ എന്ന്..അപ്പൊ..ഞാൻ വലുതായാൽ ഭൂതത്തിനെ കാണാൻ പറ്റൂലെ?‘
ഭൂതം ശബ്ദമില്ലാതെ ചിരിച്ചു.
’ഇല്ല കുഞ്ഞെ..നീ വലുതായാൽ നിനക്ക് എന്നെ കാണാൻ പറ്റില്ല..പക്ഷെ വിഷമിക്കണ്ട..വലുതാവുമ്പൊ കുഞ്ഞ് ഭൂതത്തിനെ മറക്കും‘.
’ഞാൻ മറക്കൂല്ല‘
’കുഞ്ഞ് മറന്നു പോകും..അതങ്ങനെയാ..‘
ഭൂതം എന്തോ ആലോചിക്കുന്നത് പോലെ മുകളിലോട്ട് നോക്കിയിരുന്നു..
’കുഞ്ഞ് വലുതായി, കല്ല്യാണമൊക്കെ കഴിച്ച് ഒരു കുഞ്ഞൊക്കെ ആവുമ്പോ അതിനോട് പറയുമോ ഭൂതം വന്നു വിഴുങ്ങുമെന്ന്?‘
’ഇല്ല..ഞാനൊരിക്കലും പറയൂല്ല‘
’എല്ലാ കുഞ്ഞുങ്ങളും ഇതു തന്നെയാ പറയുന്നത്‘.. ഭൂതം കിളിത്തൂവൽ വീഴുന്ന ശബ്ദത്തിൽ പറഞ്ഞു..
’എന്താ?‘
’ഒന്നുമില്ല കുഞ്ഞെ..‘ ഭൂതം അവന്റെ തലയിൽ തലോടി.
’കുഞ്ഞിനു ആരേയാ പേടി?‘
ഒന്നാലോച്ചിച്ചിട്ട് അവൻ പറഞ്ഞു,
’എനിക്കിപ്പോൾ അമ്മേം അച്ഛനേമാ പേടി..‘
’കുഞ്ഞെ..പേടിപ്പിക്കുന്നവരേയാ പേടിക്കേണ്ടത്..എപ്പോഴും..‘ ഭൂതം പതിയെ പറഞ്ഞു..
’എന്താ?‘
’ഒന്നുമില്ല കുഞ്ഞെ..ഭൂതത്തിനു ഇനി ചിലപ്പോൾ കുഞ്ഞിന്റെ അടുത്ത് വരാൻ പറ്റിയെന്നു വരില്ല..‘
’എന്താ?‘
’ഭൂതത്തിനു വേറേ ഒരുപാട് കുഞ്ഞുങ്ങളുടെ അടുത്ത് പോവണ്ടെ?‘
അവൻ മുഖം കുനിച്ചു നിന്നു.
’ദാ..ഇതു പിടിച്ചോ!‘ അതു പറഞ്ഞ് ഭൂതം ഇരുകൈകളും വിടർത്തി. അപ്പൂപ്പൻതാടികൾ കൈവെള്ളയിൽ നിന്നും പറന്നുയർന്നു. അവൻ അതെല്ലാം കൈയ്യിലൊതുക്കാൻ ചാടിക്കൊണ്ടിരുന്നു.

ജനൽ വഴി അമ്മ കണ്ടു, ദൂരെ പറമ്പിൽ മകൻ ഒറ്റയ്ക്ക് നിന്ന് സംസാരിക്കുന്നത്.
വന്ന് വന്ന് ഇവന് ഒന്നിനേം പേടില്ലാതായിരിക്കുന്നു..ഇനി ഇവനെ എന്തു പറഞ്ഞാ പേടിപ്പിക്കേണ്ടത്..

കുറച്ച് കഴിഞ്ഞ് നോക്കുമ്പോൾ അവൻ എന്തോ മുകളിലേക്ക് പോകുന്നത് നോക്കി നില്ക്കുന്നത് കണ്ടു. അവർ എന്താണവൻ നോക്കുന്നതെന്ന് ശ്രദ്ധിച്ചു. ഒന്നുമില്ലവിടെ. ചിലപ്പോളത് അപ്പൂപ്പൻതാടിയായിരിക്കും.. അവൻ ആരേയൊ കൈ വീശി കാണിക്കുന്നുണ്ട്.
ആരാണവിടെ മുകളിൽ?. ഇവനെന്തു പറ്റി?.

അല്പനേരം കഴിഞ്ഞ് അവൻ പതിയെ മണികിലുക്കി കൊണ്ട് വീടിനു നേർക്ക് വരുന്നത് കണ്ടു.
‘നിനക്കെന്തു പറ്റി?.. ഇന്നു നീ ആരേയെങ്കിലും കണ്ടോ?’ അമ്മ ഉറക്കെ വിളിച്ചു ചോദിച്ചു.
നിറഞ്ഞ കണ്ണുകൾ അമ്മ കാണാതിരിക്കാനായി മുഖം കുനിച്ചു പിടിച്ചുകൊണ്ടവൻ ഒന്നും മിണ്ടാതെ അകത്തേക്ക് പതിയെ നടന്നു.